## യേശുവിന്റെ ഉദയം

പൗലോസിന്റെ ഭാഷയിൽ, 'മദ്യപാനവും വെറിക്കൂത്തു'മായി ജീവിച്ചിരുന്ന പുറജാതികളെ നസ്രായജീവിതം ഒരിക്കലും ആകർഷിച്ചിരുന്നില്ല. പുറജാതി ദൈവങ്ങളുടെ പ്രതിമകളും ആചാരങ്ങളും ക്രിസ്തുമതത്തിൽ സ്വീകരിക്കുകയും ആ ദൈവങ്ങൾക്ക് യേശു, മറിയം എന്നിങ്ങനെ പുതിയ പേരുകൾ നൽകുകയുമാണുണ്ടായത്. മൈക്കലാഞ്ചലോയുടെ ചിത്രങ്ങൾക്കും ശില്പങ്ങൾക്കും പുരാണദൈവങ്ങങ്ങളുടെ ഛായ തന്നെയാണുള്ളത്. യഹൂദർ തുടങ്ങിയ ക്രിസ്തുമതം മശിഹായുടെ വരവിനുവേണ്ടിയുള്ള ദാഹത്തിന്റെ തുടർച്ച മാത്രമായിരുന്നു. യഹൂദരെ രക്ഷിക്കാൻ വരുന്ന യഹൂദമശിഹായിൽ മറ്റാർക്കും താല്പര്യവുമില്ലായിരുന്നു. CE 70-ൽ യെരുശലേം ദേവാലയം തകർന്നതോടെ യഹൂദരുടെ മശിഹാസ്വപ്നവും തകർന്നു. യഹൂദർ നാനാഭാഗത്തേക്കും ചിതറിപ്പോയതോടെ പുറജാതിദൈവങ്ങൾ പുതുശക്തിയോടെ ഉയർത്തെഴുന്നേറ്റു. നാലാം നൂറ്റാണ്ടോടുകൂടി അവ ക്രിസ്തുമതത്തെ പൂർണ്ണമായും കീഴടക്കുകയും ചെയ്തു. മർക്കോസും മത്തായിയും ലൂക്കോസും മറ്റനേകം വ്യാജയെഴുത്തുകാരും മശിഹായെ പുനർജീവിപ്പിക്കാൻ ശ്രമിക്കുയുണ്ടായി. എന്നാൽ യഹൂദമശിഹാ ഇന്നും ദേവാലയത്തിന്റെ വീണ ചുവരുകൾക്കിടയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

പഴയ നിയമകാലത്ത് ഏറ്റവും ശക്തനെന്ന് ഊറ്റം കൊണ്ടിരുന്ന ദൈവവും ആ ദൈവം തിരഞ്ഞെടുത്തു എന്ന് അവകാശപ്പെട്ടിരുന്ന ജനതയും തങ്ങൾ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാണെന്ന അവരുടെ ഭാവവുമെല്ലാം  കല്ലിന്മേൽ കല്ല് ശേഷിക്കാതെ നിലംപറ്റി. ഇത്തരത്തിൽ ഉൽക്കർഷഭാവം പുലർത്തിയിരുന്ന മതങ്ങളും  ജാതികളും വീണുപോകുകയാണുണ്ടായതെന്ന് ചരിത്രം സാക്ഷിക്കുന്നുണ്ട്.

ഏറ്റവും ശക്തിമാനെന്നു ഘോഷിക്കപ്പെട്ടിരുന്ന ദൈവത്തിന്റെ പതനത്തോടെ ഭൂമിയിൽ അനേകം ആൾദൈവങ്ങൾ അവതരിച്ചു. മനുഷ്യന്റെ  ഭാവനയും ദൈവങ്ങൾക്കുവേണ്ടിയുള്ള ദാഹവും അതിന് അരങ്ങൊരുക്കിക്കൊടുക്കുകയും ചെയ്തു. ദൈവചിന്തയുടെ ശൂന്യത നികത്തപ്പെടാതെ എന്നും നിലനില്ക്കുന്നുണ്ട് മനുഷ്യമനസ്സിൽ; സ്ഥാപിതതാൽപ്പര്യക്കാർ ഇത് ചൂഷണം ചെയ്യുകയും ചെയ്യുന്നു.

മനുഷ്യൻ മെനഞ്ഞെടുത്ത ദൈവം മരിച്ചു വീഴുന്നതോടെ മനുഷ്യൻ സൃഷ്ടിച്ച മതവും ഇല്ലാതാകുന്നു. എന്നാൽ ദൈവചിന്തയുടെ ശൂന്യതയിൽ എന്തെങ്കിലും കുത്തിനിറയ്ക്കാൻ വെമ്പൽ കൊള്ളുന്ന മനുഷ്യൻ പുതിയ മതത്തെയും ദൈവത്തെയും സൃഷ്ടിക്കുന്നു. ഇതാണ് മനുഷ്യസംസ്കാരത്തിന്റെ തന്നെ ചരിത്രം. ഈ ചരിത്രം നോക്കിയാൽ

ഒരു മതവും കാലപരിമിതികൾക്കതീതമായി നിലനിൽക്കുന്നില്ല എന്നു കാണാം. ഒരു മതത്തെ സംബന്ധിച്ച് രണ്ടായിരമോ മൂവായിരമോ വർഷം എന്നത് അത്ര കൂടിയ ആയുസ്സല്ല. പുരാതനം എന്നു തോന്നിക്കുന്നതും അവകാശപ്പെടുന്നതുമായ പല മതങ്ങളും കാലക്രമേണ അടിസ്ഥാന തത്ത്വങ്ങളിൽനിന്നും ഏറെ വ്യതിചലിച്ചിരിക്കുന്നു. കുറെക്കാലം നില നിൽക്കുന്നതിനാൽ എല്ലാക്കാലവും നിലനിൽക്കും എന്ന വിശ്വാസം കേവലം മിഥ്യ മാത്രമാണ്.

മരണത്തോടെ എന്നേക്കുമായി വിടപറയുന്ന ദൈവങ്ങൾ ദൈവചിന്ത യുടെ ശൂന്യത നികത്തുവാൻ അപര്യാപ്തമായതോടെ മരിച്ചാലും വീണ്ടും ജീവിക്കുന്ന ദൈവങ്ങളെ മനുഷ്യൻ സൃഷ്ടിച്ചു. എല്ലാവർഷവും വിളവെ ടുപ്പോടുകൂടി നശിക്കുകയും വീണ്ടും പുതുമഴയോടുകൂടി വിത്ത് പാകി കിളിർപ്പിക്കുന്നതുമായ സസ്യങ്ങളുമായി താദാത്മ്യം പ്രാപിച്ച് മനുഷ്യൻ ദൈവങ്ങളെ സൃഷ്ടിച്ചുപോന്നു. ഈ ദൈവങ്ങൾ മനുഷ്യന്റെ ഭാവനയിൽ രൂപം കൊണ്ടവയാണ്. ഹോറസ്, ഊസിറിസ്. അഡോനിസ് തുടങ്ങിയ ദൈവങ്ങളുടെ പുരാണങ്ങൾ ക്രിസ്തീയമാക്കി എഴുതിയപ്പോൾ സുവിശേ ഷങ്ങൾ ഉണ്ടായി. നിലത്ത് വീണ വിത്തുകൾ വീണ്ടും കിളിർക്കുന്നതു പോലെ യേശുവും ഉയർത്തെഴുന്നേറ്റു. വിത്തുകൾ നിലത്തു വീണ് വീണ്ടും ജനിക്കുന്നില്ലായെങ്കിൽ അവ ജീവിക്കുന്നില്ല എന്ന പുരാണതത്ത്വം ക്രിസ്തീയമാക്കിയപ്പോൾ ക്രിസ്ത്യാനിയുടെ ദൈവവും മറ്റു പുരാണദൈ വങ്ങളെപ്പോലെ ഉയർത്തെഴുന്നേറ്റു.

മരിച്ചദൈവങ്ങൾ വീണ്ടും ഉയർത്തെഴുന്നേല്ക്കുന്നത് സാധാരണ സംഭവം ആയിരുന്നു. അതിനാലാണ് ക്രിസ്തുമതത്തിന്റെ ദൈവത്തിന്റെ മരണത്തിനും ഉയർപ്പിനും പറയത്തക്ക പ്രശസ്തി ലഭിക്കാതിരുന്നതും എല്ലാവർഷവും വിളവെടുപ്പോടുകൂടി മരിക്കുകയും വിത്തുകൾ വീണ്ടും കിളിർക്കുന്നതോടെ വീണ്ടും ജനിക്കുകയും ചെയ്യുന്നത് ദൈവങ്ങളുടെ സാധാരണ ജീവചരിത്രത്തിന്റെ ഭാഗം മാത്രമായിരുന്നു. എന്നാൽ സാധാ രണദൈവങ്ങളേക്കാൾ ഉയർന്നസ്ഥാനം അവകാശപ്പെട്ടിരുന്ന ദൈവമായി രുന്നു റോമൻ ചക്രവർത്തി. പരമോന്നതദൈവമായ അപ്പോളോയുടെ അവ താരമാണ് ജീവിച്ചിരിക്കുന്ന റോമൻ ചക്രവർത്തി എന്ന് ചക്രവർത്തിയും ജനങ്ങളും ഒരുപോലെ വിശ്വസിച്ചിരുന്നു. നിത്യനായ റോമൻ ചക്രവർത്തി യെ വെല്ലുവിളിച്ച് ക്രിസ്ത്യാനികൾ സൃഷ്ടിച്ച യേശുദൈവം റോമൻ ചക്ര വർത്തിയുടെ പ്രധാന എതിരാളിയും ഭീഷണിയും ആയി മാറിയതോടു കൂടി റോമൻ സാമ്രാജ്യത്തിലെ ക്രമസമാധാനാന്തരീക്ഷം കലാപങ്ങൾ നിറ ഞ്ഞതായി മാറി. മാത്രമല്ല, യേശുദൈവത്തിന്റെ മനുഷ്യത്വവും ദൈവത്വവും തമ്മിൽ ഏറ്റുമുട്ടിയപ്പോൾ അനേകം ക്രിസ്തീയവിഭാഗങ്ങളും നിലവിൽ വന്നു. ആദിമസഭകൾ തമ്മിലുള്ള കലഹങ്ങൾ റോമൻ സാമ്രാജ്യത്തിന്റെ

സുരക്ഷിതത്വത്തെ തന്നെ അപകടത്തിലാക്കുകയും ചെയ്തു.

സാമ്രാജ്യത്തിന്റെ ക്രമസമാധാനനില വീണ്ടെടുക്കുവാൻ ‘ജീവനുള്ള ദൈവ’മായ റോമൻ ചക്രവർത്തി എല്ലാ ക്രിസ്തീയവിഭാഗങ്ങളുടെയും സമ്മേളനം വിളിച്ചു കൂട്ടി. ചക്രവർത്തിതന്നെ നേരിട്ടു നിയന്ത്രിച്ച ആ യോഗം നിഖ്യാ സുന്നഹദോസ് എന്നറിയപ്പെടുന്നു. യേശു പൂർണ്ണ മനുഷ്യനോ, സ്ത്രീയോ, പുരുഷനോ, ദൈവമോ എന്നതൊന്നും ചക്ര വർത്തിക്ക് പ്രശ്നമല്ലായിരുന്നു. ക്രിസ്തീയചരിത്രകാരന്മാർ പറയുന്നതു പോലെ കുസ്തന്തിനോസ് ഒരിക്കലും ക്രിസ്ത്യാനിയാകുകയും ചെയ്തില്ല. നിത്യനായ ദൈവം എന്നു വിശ്വസിച്ച ചക്രവർത്തിയുടെ മരണശയ്യയുടെ സമീപം ഒരു നെസ്തോറിയൻ പുരോഹിതൻ ഉണ്ടായിരുന്നു എന്നതിലുപരി ചക്രവർത്തിയും ക്രിസ്തുമതവും തമ്മിൽ പറയത്തക്ക ബന്ധവും ഇല്ലായിരുന്നു.

അറിയോസും അത്താനാസിയോസും ക്രിസ്തുവിന്റെ ദൈവത്വവും മനു ഷ്യത്വവും സ്ഥാപിച്ചെടുക്കുവനായി അതിശക്തമായി വാദിച്ചു. ‘ദൈവം’ തന്നെ അദ്ധ്യക്ഷം വഹിക്കുന്ന യോഗത്തിൽ ദൈവത്തെ എതിർക്കുവാൻ ഭയപ്പെട്ട മെത്രാന്മാർ പുറജാതികളുടെ പുരാണത്തെ യേശുവിന്റെ ചരിത്ര മായി അംഗീകരിച്ചു. പലസ്തീനിലെ യോസഫിന്റെ മകൻ മശിഹാ മാത്ര മല്ല ദൈവപുത്രനും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സക ലത്തിന്റെയും സൃഷ്ടാവുമാണെന്ന് പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. സുന്നഹദോസിലെ സഭാപിതാക്കന്മാർ പര്സ്പരം കലഹിച്ച് ചെളിവാരി എറിഞ്ഞു. ചക്രവർത്തിയുടെ തീരുമാനത്തെ എതിർത്തവരെ നാടുകടത്തി. ഇവയെല്ലാം പരിശുദ്ധാത്മാവ് നയിച്ച സുന്നഹദോസിൽ സംഭവിച്ചവയാണ്! സുന്നഹദോസിന്റെ വിശ്വാസപ്രഖ്യാപനം പര്സ്പരം കലഹിക്കുന്ന ക്രിസ്തീയവിഭാഗങ്ങൾക്കു മാത്രമേ ബാധകമായിരുന്നുള്ളു. റോമൻ ചക്ര വർത്തി ക്രിസ്ത്യാനിയായില്ല. യേശുവിനെ ദൈവമായി അംഗീകരിക്കു കയോ സ്വന്തം ദൈവത്വം ഉപേക്ഷിക്കുകയോ ചെയ്തില്ല. എന്നാൽ കുസ്ത ന്തിനോസ് സുന്നഹദോസു വിളിച്ചുകൂട്ടി ഏക വിശ്വാസപ്രമാണം ഉണ്ടാ ക്കിയില്ലായിരുന്നുവെങ്കിൽ ദൈവത്തിന്റെ പുത്രന്റെ സഭ നിലനിൽക്കുമായി രുന്നില്ല. ഒരു പക്ഷേ, പാർസികളുടെയും മറ്റും മതംപോലെ അനേകം ചെറിയവിഭാഗങ്ങളായി മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ മാത്രം കുറേ ക്കാലം നിലനിൽക്കുകയും ക്രമേണ അപ്രത്യക്ഷമാകുകയും ചെയ്യുമായി രുന്നു ക്രിസ്തുമതവും. ചക്രവർത്തിയുടെ സുന്നഹദോസിലെ വിശ്വാസ പ്രഖ്യാപനത്തോടെ യേശു എന്ന ദൈവം ജനിച്ചു. എന്നാൽ ഭൂമിയിലെ ദൈവങ്ങളുടെ അവതാരങ്ങൾ അവസാനിച്ചിരുന്നില്ല. യേശുവിനുശേഷം അനേകം മശിഹാമാരും ദൈവപുത്രന്മാരും ദൈവങ്ങൾ തന്നെയും ജനിച്ചു. യേശുവിന്റെ ശിഷ്യൻ പത്രോസ് ദൈവമായിരുന്നു എന്ന് പുതിയ നിയമ

ത്തിലൊരിടത്തും പറയുന്നില്ല. എന്നാൽ പത്രോസിന്റെയും മറ്റു ശിഷ്യന്മാരുടെയും സിംഹാസനങ്ങളിൽ കയറിക്കൂടിയവർ ദൈവങ്ങളായി സ്വയം കരുതുന്നു. ജനങ്ങൾ അവരെ ദൈവതുല്യരായി ആദരിക്കുകയും വന്ദിക്കുകയും ചെയ്യുന്നു. യേശുവിനോ ശിഷ്യന്മാർക്കോ സിംഹാസനങ്ങൾ ഇല്ലായിരുന്നു. ഇല്ലാത്ത സിംഹാസനത്തിൽ എങ്ങനെ ആരൂഢരായി വാണരുളും. യൂദയുടെ സിംഹാസനത്തിൽ വാണരുളുന്നവൻ ആര്?

സാധാരണമനുഷ്യരെ ദൈവങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവണത ക്രിസ്തുമതത്തിൽ മാത്രമല്ല ഉള്ളത്, മനുഷ്യസംസ്കാരത്തിലെമ്പാടും പൊതുവെ കാണപ്പെടുന്ന പ്രവണതയാണത്. പ്രാചീനമനുഷ്യൻ വളരെ പരിമിതമായ അറിവുകൾ മാത്രം ഉള്ളവൻ ആയിരുന്നു. താൻ ജീവിക്കുന്ന ഭൂപ്രദേശത്തിലുപരിയായുള്ള സ്ഥലകാലസംബന്ധമായ അറിവുകൾ അവനുണ്ടായിരുന്നില്ല. പ്രാചീനമനുഷ്യന്റെ ഗോത്രത്തലവൻ ദൈവമായി അംഗീകരിക്കപ്പെട്ടിരുന്നു. കാലികനിലവാരത്തിലുള്ള അറിവില്ലാത്ത മനുഷ്യരും അവരുടെ സഭയും സമുദായവും തങ്ങളുടെ നേതാക്കന്മാരെ ദൈവങ്ങളായി അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്നതിന്റെ ജീവിക്കുന്ന ഉദാഹരണമാണ് ദലൈലാമ.

ആദ്യകാലത്ത് യഹൂദരുടെ യഹോവ ഏകദൈവമല്ലായിരുന്നു. മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ യഹോവയുടെ സമകാലീനരായി അനേകം ദൈവങ്ങളുണ്ടായിരുന്നു. യഹോവ എല്ലാ യിസ്രയേല്യരുടേയും ദൈവവും അല്ലായിരുന്നു. യാക്കോബിന്റെ മകനായ യഹൂദയുടെ പിതൃത്വം അവകാശപ്പെടുന്ന യഹൂദർ മാത്രമേ യഹോവ എന്ന ദൈവത്തെ മറ്റു ദൈവങ്ങളേക്കാൾ ശക്തിമാനായി കരുതിയിരുന്നുള്ളു. മാത്രമല്ല, യഹൂദയുടെ മക്കളുടെ ദൈവമായിരുന്നു യഹോവ. ഉൽപ്പത്തി പുസ്തകത്തിൽ കാണുന്ന ദൈവം ഏലോഹിം എന്ന കനാന്യദൈവമാണ്. ഏലോഹിം ഏകവചനമല്ല, ബഹുവചനമാണ്. ദേവഗണത്തിന് കൽപ്പിച്ചിരുന്ന പൊതുസംജ്ഞയായിരുന്നത്.

യഹൂദയുടെ മക്കളുടെ മാത്രം ഗോത്രമായിരുന്ന യഹൂദഗോത്രക്കാർ യാക്കോബിന്റെ മറ്റു മക്കളെ വെറുക്കുകയും അവരുമായി നിരന്തരം യുദ്ധത്തിലേർപ്പെടുകയും ചെയ്തിരുന്നു. അമ്മോന്യർ, ഹിത്യർ, മോവാബ്യർ, കനാന്യർ, യിസ്രയേല്യർ എന്നിവരെല്ലാം പരസ്പരം ബന്ധപ്പെട്ട ഏകജാതി വംശം ആയിരുന്നു. എല്ലാവരും പൊതുവെ ആരാധിച്ചിരുന്ന ദേവസമൂഹമാണ് ബാൽ ദൈവങ്ങൾ. യഹൂദന്റെ ദൈവമായ യഹോവ അവരുടെ മാത്രം കുത്തകദൈവമായിരുന്നു. മറ്റുള്ളവർ യഹോവയെ ആരാധിക്കുന്നത് യഹോവയ്ക്കും യഹോവയാൽ തിരഞ്ഞെടുക്കപ്പെട്ടവർ എന്നവകാശപ്പെട്ടിരുന്ന ജനത്തിനും ഇഷ്ടമല്ലായിരുന്നു. യഹോവ എന്ന മണവാളന്റെ മണവാട്ടിയാണ് യഹൂദജനം.

പുരുഷമേധാവിത്തം നിലനിന്നിരുന്ന യഹൂദരുടെ ആചാരനുഷ്ഠാനങ്ങളും എണ്ണൂറിനടുത്തുവരുന്ന നടപടിക്രമങ്ങളും നിയമങ്ങളും ഉണ്ടാക്കിയതും യഹൂദപുരോഹിതർ ആയിരുന്നു. അനേകം ഭാര്യമാരും വെപ്പാട്ടിമാരും പുരുഷന് അനുവദനീയമായിരുന്നു. എന്നാൽ യഹൂദസ്ത്രീക്ക് ഇതൊന്നും പാടില്ലായിരുന്നുതാനും. വ്യഭിചാരത്തിന് പിടിക്കപ്പെടുന്ന പുരുഷൻ ശിക്ഷിക്കപ്പെട്ടിരുന്നില്ല. എന്നാൽ അതേ കുറ്റത്തിന് പിടിക്കപ്പെടുന്ന സ്ത്രീയെ ആകട്ടെ സമൂഹമദ്ധ്യേ പൂർണ്ണനഗ്നയാക്കി മരിക്കുംവരെ കല്ലെറിയാനായിരുന്നു നിയമം അനുശാസിച്ചിരുന്നത്. ബലാൽസംഗം ചെയ്യപ്പെട്ട് കന്യകാത്വം നഷ്ടപ്പെട്ട സ്ത്രീ ആജീവനാന്തം അവിവാഹിതയായി കാലം കഴിക്കേണ്ടിയിരുന്നു. ഇത്തരം സ്ത്രീകൾ പൊതുവേ ആത്മഹത്യ ചെയ്യുകയോ വേശ്യാവൃത്തി സ്വീകരിക്കുകയോ ചെയ്തിരുന്നു. മോശയുടെ പേരിൽ യഹൂദപുരോഹിതർ എഴുതിക്കൂട്ടിയ നിയമങ്ങൾ പുരുഷമേധാവിത്തത്തെ നിലനിർത്തുന്നതും പുരോഹിതന്റെ അഹോവൃത്തി മുടക്കം കൂടാതെ തുടരാൻ അനുവദിക്കുന്നതും ആയിരുന്നു. ഈ കിരാതനിയമങ്ങൾ മോശക്കു ദൈവം നേരിട്ട് കൊടുത്തതാണെന്ന് എഴുതി വെച്ചതും അത് യഹൂദരെ വിശ്വസിപ്പിക്കാൻ പ്രവാചകരും പുരോഹിതരും അലമുറയിട്ടതും തങ്ങളുടെ ദൈനംദിനജീവിതം സുഖസമൃദ്ധിയിൽ നിലനിർത്തുവാൻ ആയിരുന്നു.

യഹോവ ആരാധനയുടെ പ്രധാനഘടകം ആണ് ബലി. ബലിയുടെ പ്രധാനവിഭവങ്ങൾ കൊഴുത്ത മൃഗം, നല്ല പാനിയം മുതലായവയാണ്. അദ്ധ്വാനിക്കാതെ അഹോവൃത്തി നേടുവാൻ യഹൂദപുരോഹിതർ കണ്ടുപിടിച്ച തന്ത്രം മാത്രമായിരുന്നു ഇതെന്ന കാര്യം സുവ്യക്തമാണ്. യഹോവയുടെ നിയമം എന്ന പേരിൽ യഹോവയുടെ ജനത്തെ ചൂക്ഷണം ചെയ്യുകയും സ്ത്രീകളെ അടിമകളാക്കി ഉപഭോഗവസ്തുക്കളായി നിലനിർത്തുകയും ചെയ്തിരുന്ന മോശൈകനിയമത്തെ തിരുത്തുവാൻ യഹോവ ഒരിക്കൽ പോലും മെനക്കെട്ടില്ല എന്നതും ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെ വളരെ കുറച്ച് ആരാധകർ മാത്രമാണ് യഹോവയ്ക്കുണ്ടായിരുന്നത്.

പഴയ നിയമത്തിലെ യഹൂദന്റെ ഒറ്റയാൻ യഹോവയാണ് പുതിയ നിയമത്തിലെ പിതാവാം ദൈവം എന്നാണ് പുതിയ നിയമ ഗ്രന്ഥകർത്താക്കളുടെ വാദം. എന്നാണ് യഹോവയ്ക്ക് പുത്രൻ ഉണ്ടായത് എന്നാരും പറയുന്നില്ല. മാത്രമല്ല, യഹൂദ നിയമപ്രകാരം മരണശിക്ഷ അർഹിക്കുന്ന ദൈവദൂക്ഷണമാണത്.

പഴയ നിയമത്തിൽ യഹോവ മണവാളനും യഹൂദജനം മണവാട്ടിയും ആണ്. പുതിയ നിയമത്തിൽ യേശു മണവാളനും സഭ മണവാട്ടിയുമാണ്. അപ്പോൾ പഴയ നിയമത്തിലെ യഹോവയാണ് പുതിയ നിയമത്തിലെ

യേശു. യഹോവ ഒറ്റയാൻ ആയിരുന്നു, യഹോവയ്ക്കു പുത്രനുമില്ലായിരുന്നു. പഴയ നിയമത്തിലെ യഹോവ പുതിയ നിയമത്തിൽ യേശുവാകുകയും ആ യേശു പിതാവാം ദൈവത്തിന്റെ പുത്രനായി തീരുകയും ചെയ്യുന്നു! എന്തൊരു വിരോധാഭാസം! എന്തിന് പുത്രനാകുന്നു? പുത്രന്റെ പിതാവല്ലാത്ത ഒറ്റയാൻ യഹോവ ആയിത്തന്നെ എന്തുകൊണ്ട് പുതിയ നിയമത്തിൽ തുടരുന്നില്ല? പിതാവും പുത്രനും സാരാംശത്തിലും സാദൃശ്യത്തിലും ഒന്നായിരിക്കുന്നു. എങ്കിൽ എന്തിന് പുതിയ നിയമത്തിൽ പിതാവും പുത്രനും ആയി മാറുന്നു?

യോഹന്നാൻ സുവിശേഷത്തിൽ പറയുംപ്രകാരം, 'ആദിയിൽ വചനം ഉണ്ടായിരുന്നു ... വചനം ദൈവത്തോടു കൂടിയായിരുന്നു ...' ഈ വചനം ജഡമായതാണ് യേശു. 'ദൈവത്തോടു'കൂടെ ഉണ്ടായിരുന്ന വചനം മറ്റൊരു ദൈവമാണ്. അതായത്, വചനം എന്ന ദൈവവും വചനത്തിന്റെ കൂടെ ഉണ്ടായിരുന്ന മറ്റൊരു ദൈവവും. ഉൽപ്പത്തി പുസ്തകത്തിൽ പറയുന്നത് ഏക ദൈവത്തെപ്പറ്റിയല്ല. നാം, നമ്മുടെ എന്നിങ്ങനെ ബഹുവചനത്തിൽ വിശേഷിക്കപ്പെടുന്ന ദൈവങ്ങളാണ്. ഏലോഹിം എന്ന ദേവഗണത്തിൽ പെടുന്ന ദൈവങ്ങളാണ് ഇവ. അങ്ങനെയാണ് പുതിയ നിയമത്തിലെ ദൈവഗണവും പിതാവും പുത്രനും എന്ന ബഹുദൈവമായതും. അതിനാൽ യഹൂദന്റെ ഒറ്റയാൻ ദൈവമായിരുന്ന യഹോവ അല്ല യേശു.

മത്തായി, ലൂക്കോസ് എന്നീ സുവിശേഷകർ മാത്രമാണ് യേശുവിനെ ദാവീദിന്റെ വംശത്തോടും യഹൂദഗോത്രത്തോടും ബന്ധപ്പെടുത്തുന്നത്. ഈ കാര്യത്തിൽ മൗനം പാലിച്ചിരിക്കുകയാണ് മർക്കോസ്. മാത്രമല്ല, ദാവീദു വംശത്തിൽ ജനിക്കുന്ന മശിഹാ ദൈവമോ ദൈവപുത്രനോ ആണെന്നോ ആയിരിക്കണമെന്നോ പുതിയ നിയമത്തിൽ ഒരിടത്തും പറയുന്നുമില്ല. കന്യക ഗർഭംധരിച്ചു പ്രസവിക്കുന്നത് അത്യുന്നതന്റെ പുത്രൻ ആണെങ്കിൽ അത് യഹോവയുടെ പുത്രനല്ല. കാരണം യഹോവയിൽനിന്ന് ലഭിച്ചിരിക്കുന്നതെന്ന് യഹൂദർ എഴുതി വച്ചിരിക്കുന്ന നിയമപ്രകാരം ദൈവപുത്രൻ എന്ന ആശയം പോലും ദൈവദൂക്ഷണമാണ്. താൻ ഒഴികെ അന്യദൈവങ്ങൾ സാദൃശ്യത്തിൽ പോലും ഉണ്ടാകരുത്, ഉണ്ടാക്കുകയും അരുത് എന്നാണ് യഹോവയുടെ കൽപ്പന. ക്രിസ്തീയപണ്ഡിതർ എത്ര കോലാഹലം കൂട്ടിയാലും ത്രിത്വം എന്ന രഹസ്യത്തിൽ അഭയം തേടിയാലും പഴയ നിയമത്തിലെ യഹോവ അല്ല പുതിയ നിയമത്തിലെ യേശു.

* * *